"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പ് - ജീവനകാര്യം - വാർഷിക പദ്ധതി 2026-27 - വിവിധ പ്ലാൻ പ്രൊജക്ടുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ദിവസവേതന നിരക്കിൽ ഉദ്യാഗസ്ഥരെ നിയമിക്കുവാനുള്ള അടിയന്തര നടപടികൾ കൈക്കൊള്ളുവാൻ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകികൊണ്ടും നിലവിലുള്ള താത്ക്കാലിക ദിവസവേതന ജീവനക്കാരെ അതുവരെ തുടരുവാൻ അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.353/2026/AYUSH തീയതി,തിരുവനന്തപുരം, 07-07-2026

---

പരാമർശം:- 1. സ.ഉ.(സാധാ) നം.246/2025/ആയുഷ് തീയതി 06.05.2025.

2. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 31.01.2026, 23.03.2026, ലെ DISM/214/2026-B1 നം.കത്തുകൾ.

**<u>ഉത്തരവ്</u>**

ഭാരതീയ ചികിത്സാ വകുപ്പ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിലും ആരോഗ്യമേഖലയായതിനാൽ അടിയന്തിര വൈദ്യ സഹായം സുഗമമായി ലഭ്യമാക്കേണ്ടത് അനിവാര്യമാണെന്നത് കണക്കിലെടുത്തും, 2024-25 സാമ്പത്തിക വർഷം നടപ്പിലാക്കിവരുന്ന പ്ലാൻ പ്രോജക്ടുകൾ തുടർച്ചാ പദ്ധതികളാകയാൽ 2025-26 സാമ്പത്തിക വർഷവും ടി പദ്ധതികൾ തുടരുന്നു എന്നതിനാലും, 2014-15 മുതൽ 2023-24 വരെ വാർഷിക പദ്ധതി നടപ്പിലാക്കുന്നതിനായി നിയമനം ലഭിച്ച് തുടർച്ചാനുമതി പ്രകാരം 2025 മാർച്ച് വരെ ജോലി നോക്കിയിട്ടുള്ളതുമായ 249 താൽക്കാലിക ജീവനക്കാർക്ക് സ്ഥിരനിയമനത്തിന് അവകാശ വാദം ഉന്നയിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ മതിയായ ഇടവേള നൽകി ഒരു വർഷത്തേയ്ക്കോ അല്ലെങ്കിൽ എംപ്ലോയ്മെൻ്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമന നടപടികൾ പൂർത്തീകരിക്കുന്നതു വരെയോ (ഏതാണോ ആദ്യം അത് വരെ) 2025-26 സാമ്പത്തിക വർഷത്തേയ്ക്കു കൂടി തുടരുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

2. 2025-26 സാമ്പത്തിക വർഷം വരെ നടപ്പിലാക്കി വന്നിരുന്ന പ്ലാൻ പ്രോജക്ടുകൾ എല്ലാം തുടർച്ചാ പദ്ധതികളാകയാൽ 2026-27 സാമ്പത്തിക വർഷവും ടി പദ്ധതികൾ തുടരുന്നതിന് ബജറ്റ് മുഖേന അനുവാദം ലഭ്യമായിട്ടുണ്ടെന്നും പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട പ്രോജക്ടുകളാണ് വകുപ്പ് പ്ലാൻ ഫണ്ട് മുഖേന നടപ്പിലാക്കുന്നത് എന്നതിനാലും ടി പ്രോജക്ടുകളുടെ ഗുണഭോക്താക്കൾക്ക് ചികിത്സ മുടക്കം കൂടാതെ ലഭ്യമാകണം എന്നതിനാലും നിലവിലുള്ള താത്കാലിക ജീവനക്കാർക്ക് 2026-27 സാമ്പത്തിക വർഷത്തേയ്ക്കു കൂടി തുടർച്ചാനുമതി നൽകി ഉത്തരവാകണമെന്നും ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അപേക്ഷിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2026-27 സാമ്പത്തിക വർഷത്തിൽ

ഭാരതീയ ചികിത്സാ വകുപ്പിനു കീഴിലെ ബന്ധപ്പെട്ട പ്ലാൻ പ്രൊജക്റ്റുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ദിവസ വേതന നിരക്കിൽ ഉദ്യാഗസ്ഥരെ നിയമിക്കുവാനുള്ള അടിയന്തര നടപടികൾ കൈക്കൊള്ളുവാൻ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ടും, ഇപ്രകാരം നിയമനം നടത്തുന്നതുവരെ മാത്രം നിലവിലുള്ള 249 താത്ക്കാലിക ദിവസ വേതന ജീവനക്കാരെ, സ്ഥിരനിയമനത്തിന് അവകാശ വാദം ഉന്നയിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ മതിയായ ഇടവേള നൽകി, തുടരുവാൻ അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
VIJAIRAJ J
ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം.
3. ധനകാര്യ (ഹെൽത്ത്-ബി) വകുപ്പ് (29.06.2026 ലെ 1418643/ HLT-B1/3/2020-FIN)
4. വിവര പൊതുജനസമ്പർക്ക (വെബ് & മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി).
5. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (AYUSH-A1/32/2026-AYUSH)

ഉത്തരവിൻ പ്രകാരം

Signed by
Baiju G
Date: 08-07-2026 11:20:01
സെക്ഷൻ ഓഫീസർ

പകർപ്പ് -
ബഹു. ആരോഗ്യ-ദേവസ്വം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആയുഷ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.
ആയുഷ് വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.